# INSTRUCTIONS

## കോളേജ് വിദ്യാഭ്യാസ വകുപ്പ് കേരള സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ് 2013-14 (പുതിയത്) അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ് /എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലേയും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലേയും വിദ്യാർത്ഥികളിൽ നിന്നും 2013-14 അദ്ധ്യയന വർഷത്തേക്കുള്ള കേരള സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പിനുള്ള (പുതിയത്) ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ State Merit Scholarship (SMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **24/10/13** തീയതി മുതൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

**1. യോഗ്യതകൾ:**

എ) അപേക്ഷകർ 2013-14 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ടു മെന്റുകൾ ഇവയിലേതെങ്കിലും ഒന്നാം വർഷ ബിരുദ / ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായിരിക്കണം.

ബി) 2013 മാർച്ചിലെ യോഗ്യത പരീക്ഷയിൽ 50%ത്തിനുമേൽ മാർക്ക് നേടിയവരായിരിക്കണം.

(1)ഒന്നാം വർഷ ബിരുദാനന്തര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ബിരുദ പരീക്ഷയിൽ ഐച്ഛിക വിഷയത്തിനും സബ്സിഡിയറിക്കും കൂടി 50% മാർക്ക് ലഭിച്ചിരിക്കണം.

(2)കഴിഞ്ഞ വർഷം അർഹതാ പരീക്ഷ ജയിച്ച് ഈ അക്കാഡമിക് വർഷത്തിൽ ഉപരിപഠനത്തിനു ചേർന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം.

(സി) അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാൻ പാടില്ല.

(1) മെരിറ്റ് അടിസ്ഥാനത്തിൽ പോസ്റ്റ് ഇന്റർ സ്റ്റേജിൽ ആർട്സ് വിഭാഗത്തിലെ ആറു വിദ്യാർത്ഥികൾക്കും, സയൻസ് വിഭാഗത്തിലെ ആറു വിദ്യാർത്ഥികൾക്കും, കൊമേഴ്സ് വിഭാഗത്തിലെ ആദ്യത്തെ മൂന്ന് വിദ്യാർത്ഥികൾക്കും ,പോസ്റ്റ്

ഗ്രാജു വേറ്റ് സ്റ്റേജിൽ ഓരോ വിഭാഗത്തിലേയും ആദ്യത്തെ കുട്ടിക്കും വരുമാന പരിധി നോക്കാതെ സ്കോളർഷിപ്പ് നൽകുന്നതാണ്.

**2. സ്കോളർഷിപ്പ് തുകയും, എണ്ണവും.**

| കോഴ്സ് | തുക പ്രതിവർഷം ( രൂപ ) | എണ്ണം |
|---|---|---|
| ബിരുദം ( ബി.എ./ ബി.എസ്സ്.സി., ബി.കോം മുതലായവ) (പോസ്റ്റ് ഇന്റെർ സ്റ്റേജ്) | 1250/- | 300 |
| ബിരുദാനന്തരബിരുദം (എം.എ./എം.എസ്സ്.സ്സി/ എം.കോം(പി.ജി.സ്റ്റേജ്) | 1500/- | 150 |

**3) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :**

1) അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.റ്റി.) , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ്.ബി.ഐ) , സൗത്ത് ഇൻഡ്യൻ ബാങ്ക്,ഫെഡറൽ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രക്ഷാകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

2) ആധാർ നമ്പർ/ആധാർ എൻറോൾമെന്റ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

3) അപേക്ഷകർ കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

4) സ്കോളർഷിപ്പ് ഒരു വർഷം ആദ്യം അനുവദിച്ചാൽ ആ കോഴ്സ് തീരുന്നതു വരെ വർഷം തോറും പുതുക്കി നൽകുന്നു.തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് പുതുക്കുന്നതിന് വിദ്യാർത്ഥി അതതുവർഷങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**4) അപേക്ഷിക്കേണ്ട രീതി :**

(എ) അപേക്ഷകൾ ഓൺലൈനായി **24/10/13**മുതൽ സമർപ്പിക്കാവുന്നതാണ്.
ഇതിനായി

1) www.dceschmolarship.kerala.gov.in എന്ന വെബ്സൈറ്റിൽ sms എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online- ൽക്ലിക്ക് ചെയ്യുക

3) മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ SMS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.

6) കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.

7) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൌട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റിക ളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗ സ്ഥനോ പരിശോധിക്കേണ്ടതാണ്. **(വെരിഫിക്കേഷൻ )**

3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. **(അപ്രൂവൽ)**

4. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

## 5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:

1. അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

2. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്.

3. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ( ഒറിജിനൽ)

5. വരുമാന സർട്ടിഫിക്കറ്റ്

6. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ , ബ്രാഞ്ച് കോഡ് , ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

**<u>6) സ്ഥാപന മേധാവി ( പ്രിൻസിപ്പാൾ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ ) കളുടെ ശ്രദ്ധയ്ക്ക്.</u>**

എ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.( **വെരിഫിക്കേഷൻ)**

ബി) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. ( **അപ്രൂവൽ**).

സി) വിദ്യാർത്ഥികൾ ഹാജരാക്കിയിരിക്കുന്ന വരുമാനസർട്ടിഫിക്കറ്റ് അസ്സൽ ആയിരിക്കണം.

ഡി) എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ( പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റി വകുപ്പുമേധാവി ) ഉറപ്പു വരുത്തേണ്ടതാണ്.

ഇ) ഖണ്ഡിക 3 അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്നു പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

എഫ്) വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകൾ വെരിഫൈ ചെയ്ത് അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവികൾ അതിന് ഉത്തരവാദിയായിരിക്കും.

**<u>7) അവസാന തീയതികൾ :</u>**

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി: **29/11/2013**

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി **10/12/2013**

3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട തീയതി: **20/12/2013**